# My Own Manual

Teacher Certificate Course - 2019 - 20

Government of Kerala

DEPARTMENT OF EDUCATION

## വിഷൻ

*അറിവ് നിർമിക്കാനും വികസിപ്പിക്കാനുമുള്ള ഓരോ കുട്ടിയുടെയും കഴിവ് കണ്ടെത്താനും പ്രാദേശിക സാഹചര്യങ്ങളുൾപ്പെടെ പരിഗണിച്ച് പഠനാനുഭവങ്ങൾ പ്രദാനം ചെയ്യാനും, ഭരണഘടനാ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ട് കേരളത്തിന്റെ പൊതുവിദ്യാഭ്യാസത്തെ ലോകോത്തരമാക്കി മാറ്റാനും വേണ്ട അറിവും കഴിവുമുള്ള അധ്യാപക സമൂഹത്തെ വളർത്തിയെടുക്കുക.*

## മിഷൻ

*സാങ്കേതിക വിദ്യയുടെ കൂടി സഹായത്തോടെ പ്രമാണ പരിശോധന, അസൈൻമെന്റുകൾ, നേരനുഭവങ്ങൾ, ഗവേഷണപ്രവർത്തനങ്ങൾ, പ്രായോഗിക പരിശീലനങ്ങൾ എന്നിങ്ങനെ വ്യവസ്ഥാപിതവും ക്രമീകൃതവുമായ പ്രവർത്തനങ്ങളിലൂടെ വിദ്യാഭ്യാസ മേഖലയിൽ ഇടപെടൽ കഴിയുന്ന സൈദ്ധാന്തിക പിൻബലവും അക്കാദമിക നൈപുണികളുമുള്ള അധ്യാപക സമൂഹത്തെ വളർത്തിയെടുക്കാൻ പര്യാപ്തമായ ഒരു സർട്ടിഫിക്കറ്റ് കോഴ്സ് സംഘടിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ ദൗത്യം*

# Personal Data

- Name of Teacher: ....................................................
- Qualifications : ....................................................
- School address: ....................................................
- Subjects tought : ....................................................
- Phone number : ....................................................
- Special Areas of Personal Interest (If any) ....................................................
- e-mail ....................................................

**Certificate of the Authority**

Certified that this is the bonafide record of tasks done by Sri/Smt ---------------------------------------------------------- ----- in connection with Teachers Certificate Course 2019-20 conducted by SCERT Kerala.

(Seal) **Signature with Date**

## കോഴ്സിനെക്കുറിച്ച്.......

### I. ആമുഖം

കേരളത്തിലെ പൊതുവിദ്യാലയങ്ങൾ ഇന്ന് മാറ്റത്തിന്റെ പാതയിലാണ്. പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഫലമായി വിദ്യാലയങ്ങളിലെ അക്കാദമികവും ഭൗതികവുമായ സൗകര്യങ്ങൾ വളരെയധികം മെച്ചപ്പെട്ടിട്ടുണ്ട്. സർക്കാരും, പൊതു സമൂഹവുമാണ് ഇതിനുള്ള നിക്ഷേപം നടത്തുന്നത്. ഈ ഉണർവിന്റെ ഫലമായി ഓരോ വർഷവും പൊതുവിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണം വർധിച്ചുകൊണ്ടിരിക്കുകയാണ്.

ഓരോ കുട്ടിക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം എങ്ങനെ ലഭ്യമാക്കാം എന്നതാണ് കേരളത്തിലെ വിദ്യാഭ്യാസം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി. പൊതു വിദ്യാലയങ്ങളിലെ എല്ലാ വിഭാഗം കുട്ടികൾക്കും പഠന നേട്ടങ്ങൾ ഉറപ്പാക്കുക എന്നത് വിദ്യാഭ്യാസം ജനാധിപത്യവൽക്കരിക്കുന്നതിന്റെ ഭാഗമാണ്. ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്നതിന് കഴിവും പ്രതിബന്ധതയുമുള്ള അധ്യാപക സമൂഹം ആവശ്യമാണ്. നിരന്തര പരിശീലനത്തിലൂടെ മാത്രമേ മികച്ച അധ്യാപകരെ സൃഷ്ടിക്കാൻ കഴിയൂ. ഒപ്പം സാമൂഹ്യ ബോധവും ശാസ്ത്രബോധവും നവീന പഠനബോധന രീതികളിൽ അവഗാഹവുമുള്ള അധ്യാപകരെ രൂപപ്പെടുത്തുന്നതിന് വിദഗ്ദരായ പരിശീലകരും പിന്തുണാ സംവിധാനങ്ങളും സംസ്ഥാനത്ത് രൂപപ്പെടേണ്ടതുണ്ട്. ഇതിനെല്ലാമുതകുന്ന രീതിയിൽ അധ്യാപകർക്കുള്ള സർട്ടിഫിക്കറ്റ് കോഴ്സ് നടപ്പാക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്.

### II. ഉദ്ദേശ്യങ്ങൾ

- കുട്ടിയെ അറിവിന്റെ സൃഷ്ടാവായി വളർത്താനുള്ള അറിവും കഴിവും ആത്മ വിശ്വാസവും അധ്യാപകരിൽ ഉണ്ടാക്കുക.
- ധാരണകളും അനുഭവങ്ങളും അധിക വിവരങ്ങളും നിരന്തരം പങ്കുവെച്ച് സ്വയം പരിവർത്തന വിധേയമാകുന്ന അധ്യാപക കൂട്ടങ്ങളെ വളർത്തിയെടുക്കുക.
- ഫീൽഡ് പഠനങ്ങൾ, ഐ.ടി സ്രോതസ്സുകൾ, റഫറൻസ്, ട്രൈഔട്ട്, വിദഗ്ധരുമായുള്ള മുഖാമുഖം തുടങ്ങിയ തന്ത്രങ്ങൾ വഴി അധ്യാപകരുടെ വൈദഗ്ധ്യം വികസിപ്പിക്കുക.
- വിജയകരമായി കോഴ്സ് പൂർത്തിയാക്കിയവരെ ഉൾപ്പെടുത്തി സംസ്ഥാന / ജില്ലാ തലങ്ങളിൽ ഓൺ ലൈൻ റിസോഴ്സ് സഞ്ചയം വികസിപ്പിക്കുക.

- രക്ഷാകർത്താക്കൾ, തദ്ദേശ ഭരണാധികാരികൾ, പൊതു സമൂഹം എന്നിവരെ വിദ്യാഭ്യാസ സംബന്ധമായ കാര്യങ്ങളിൽ ബോധവൽക്കരിക്കുന്നതിനും വികസനമാതൃകകൾ വ്യാപിപ്പിക്കുന്നതിനും ഇവരുടെ കഴിവുകൾ ഉപയോഗപ്പെടുത്തുക.
- ഗവേഷണത്തിന്റെയും ക്രിയാഗവേഷണത്തിന്റെയും രീതിശാസ്ത്രം സ്വായത്തമാക്കി നിരന്തരം പ്രയോഗവൽക്കരിക്കാൻ അധ്യാപകരെ പ്രാപ്തരാക്കുക.
- സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഗുണത വർധിപ്പിക്കാൻ പ്രദേശത്തെ വിവിധങ്ങളായ വിദ്യാഭ്യാസ നിർവഹണ സ്ഥാപനങ്ങളുടെയും മറ്റ് സ്ഥാപനങ്ങളുടെയും ജൈവിക ശൃംഖല വികസിപ്പിച്ച് പഠനം കൂടുതൽ അർത്ഥ പൂർണവും രസകരവുമാക്കാൻ അധ്യാപകരെ പ്രാപ്തരാക്കുക.
- വിവിധ സ്കൂൾ സാഹചര്യങ്ങൾക്കനുസരിച്ച് അനുരൂപീകരിക്കാനും പ്രയോജനപ്പെടുത്താനും കഴിയുന്ന പഠനോപാധികളുടെ മാതൃകകൾ വികസിപ്പിക്കാൻ അധ്യാപകരെ സഹായിക്കുക.

## III. പരിശീലനരീതി

അയവേറിയ ഒരു ചട്ടക്കൂടിന് അനുസൃതമായാകും ഈ കോഴ്സിന്റെ പരിശീലനം. താല്പര്യമുള്ള മുഴുവൻ അധ്യാപകരെയും ലക്ഷ്യം വെച്ചാണ് കോഴ്സ് ആവിഷ്ക്കരിച്ചിട്ടുള്ളത്. ആദ്യ ഘട്ടത്തിൽ പ്രൈമറി അധ്യാപകരെയാണ് പരിഗണിക്കുന്നത്. തുടർന്നുള്ള ഘട്ടങ്ങളിൽ സെക്കന്ററി, ഹയർ സെക്കന്ററി, വെക്കേഷനൽ ഹയർ സെക്കന്ററി, ITE അധ്യാപകരെയും കോഴ്സ് പരിധിയിൽ ഉൾപ്പെടുത്തും.

പഠനോപാധികൾ ഓൺ ലൈനായും അല്ലാതെയും (മുഖാമുഖപരിശീലനത്തിൽ) വിതരണം ചെയ്യും. തുടർന്ന് പഠനോത്പന്നങ്ങൾ ശേഖരിച്ച് വിലയിരുത്തി കൃത്യമായ ഫീഡ്ബാക്ക് നൽകുകയും ചെയ്യും. അസൈൻമെന്റുകളിൽ ചിലത് on-line ആയും സമർപ്പിക്കാം. കോഴ്സ് ചുമതലയുള്ള ഫാക്കൽട്ടിമാർ ഇടക്കിടെ വിലയിരുത്തി ഫീഡ്ബാക്കുകൾ online ആയോ മറ്റോ നൽകും. 6 മാസ സമയ പരിധിയിലുള്ള സർട്ടിഫിക്കറ്റ് കോഴ്സിൽ 15 ദിവസം നീണ്ടുനിൽക്കുന്ന നിർബന്ധിത മുഖാമുഖ പരിശീലനവും ഉണ്ടാകും. കോഴ്സ് ഉള്ളടക്കവും യഥാർത്ഥ ക്ലാസ് റൂം അനുഭവങ്ങളും സ്വന്തം വിലയിരുത്തലുകളും ട്രൈഔട്ടുകളും യോജിപ്പിച്ചുകൊണ്ട് പ്രായോഗികവും സൈദ്ധാന്തികവുമായ അടിത്തറ പങ്കാളികൾക്ക് ലഭ്യമാക്കുന്നതിലാണ് സർട്ടിഫിക്കറ്റ് കോഴ്സ് ഊന്നൽ നൽകുന്നത്.

## IV. പാഠ്യപദ്ധതി - മേഖലകളും വിശദാംശങ്ങളും

മൂന്ന് മേഖലകളായാണ് കോഴ്സിന്റെ ഉള്ളടക്കം വിന്യസിച്ചിരിക്കുന്നത്.

**പാർട്ട് – എ: പൊതു വിഷയ മേഖല**

ഇതിൽ പാഠ്യപദ്ധതി, ബോധനശാസ്ത്രം, പൊതുസമീപനങ്ങൾ എന്നിവ ഉൾപ്പെടുന്ന 15 മേഖലകളാണുള്ളത്.

**പാർട്ട് – ബി. വിഷയ മേഖല**

ഇതിൽ എൽ.പി, യൂ.പി, ഹൈസ്കൂൾ എന്നീ തലങ്ങളിലുള്ള വിഷയങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്നു. എൽ.പിയിൽ മാതൃഭാഷ, ഇംഗ്ലീഷ്, ഗണിതം, പരിസരപഠനം എന്നിവയും യു.പി, ഹൈസ്കൂൾ തലങ്ങളിൽ പ്രത്യേക വിഷയങ്ങളിൽ തെരഞ്ഞെടുക്കുന്ന ഏതെങ്കിലും ഒന്നും ഉൾപ്പെടുന്നു.

**പാർട്ട് – സി: സവിശേഷ വിഷയ മേഖല (ഇലക്ടീവ് വിഷയങ്ങൾ)**

7 സവിശേഷ വിഷയ മേഖലകൾ ആണ് ഇവിടെ ഉള്ളത്. ഇതിൽ ഇഷ്ടമുള്ള ഒരു മേഖല, പഠിതാവിന് തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം ഉണ്ട്.

LP, UP, HS തലങ്ങളിൽ കോഴ്സിന് വിധേയരാകുന്നവർക്ക് കടന്നുപോകേണ്ട വിഷയ മേഖലകൾ താഴെ കൊടുത്ത പ്രകാരം വിശദമാക്കാം.

| | |
|---|---|
| എൽ.പി വിഭാഗം | 1. പൊതു വിഷയ മേഖല (15)<br>2. എൽപി. ക്ലാസിലെ എല്ലാ വിഷയങ്ങളും / അറബിക്ക്<br>3. ഇലക്ടീവ് വിഷയങ്ങളിൽ ഒന്ന്. |
| യൂ.പി വിഭാഗം | 1. പൊതുവിഷയ മേഖല (15)<br>2. തെരഞ്ഞെടുത്ത ഒരു വിഷയം<br>3. ഇലക്ടീവ് വിഷയങ്ങളിൽ ഒന്ന്. |
| ഹൈസ്കൂൾ വിഭാഗം | 1. പൊതു വിഷയ മേഖല (15)<br>2. തെരഞ്ഞെടുത്ത ഒരു വിഷയം<br>3. ഇലക്ടീവ് വിഷയങ്ങളിൽ ഒന്ന്. |

## V. പരിശീലനത്തിന്റെ രീതിശാസ്ത്രം

ഒരു നല്ല അധ്യാപകനുവേണ്ടുന്ന ഗുണങ്ങൾ പ്രായോഗിക അനുഭവങ്ങളിലൂടെ നേടിയെടുക്കാൻ കഴിയുന്ന പ്രവർത്തനങ്ങളാണ് ഈ പരിശീലന പരിപാടിയിൽ വിഭാവനം ചെയ്തിരിക്കുന്നത്. ഓരോ മേഖലയിലുമുള്ള തന്റെ ധാരണകൾ പുതു

ക്കുന്നതോടൊപ്പം പുതിയ അറിവുകൾ സ്വായത്തമാക്കാനും പ്രയോഗിക്കാനും ഇത് ലക്ഷ്യമിടുന്നു. മികച്ച അധ്യാപകൻ മികച്ച ഒരു പരിശീലകൻ കൂടിയായിരിക്കും. മികച്ച പരിശീലകനു വേണ്ട കഴിവുകൾ സ്വയം നേടിയെടുക്കാനും ഈ പരിശീലന പരിപാടിയിലൂടെ കഴിയണം. ഇതിനുള്ള വ്യത്യസ്ത സങ്കേതങ്ങൾ കോഴ്സിന്റെ ഭാഗമായി ഉപയോഗപ്പെടുത്തണം. ചില സാധ്യതകൾ താഴെ നൽകുന്നു.

**a. റഫറൻസ് ലേണിംഗ്:**

ഇലക്ട്രോണിക് മാധ്യമങ്ങൾ വഴിയും, സൂചിപ്പിച്ച പുസ്തകവായനയിലൂടെയും ഇത് സാധ്യമാകും. ഇവ ഉപയോഗപ്പെടുത്തുന്നതിനുള്ള അസൈൻമെന്റുകളും പഠിതാവിന് ലഭിക്കും.

**b. ട്രൈഔട്ടുകളും ഫീൽഡ് പഠനങ്ങളും**

കോഴ്സ് മെറ്റീരിയൽ, മുഖാമുഖ പരിശീലനം എന്നിവയിലൂടെ ചിലമേഖലകൾ സ്വന്തം വിദ്യാലയത്തിലോ സമീപ വിദ്യാലയത്തിലോ നടപ്പാക്കി പ്രായോഗികത ബോധ്യപ്പെടാൻ അവസരം കോഴ്സിലൂടെ ലഭിക്കും. പ്രവർത്തനങ്ങളും, പ്രതികരണങ്ങളും കണ്ടെത്തലുകളും ക്രോഡീകരിച്ച് റിപ്പോർട്ട് രൂപത്തിൽ DTP ചെയ്ത് online ആയി submit ചെയ്യണം. ഇതിന്റെ copy മെന്റർ വിലയിരുത്തലിനും വിധേയമാക്കാം.

**c. സർഗാത്മക ഡോക്യുമെന്റേഷൻ: (Creative Documentation)**

വിദ്യാലയങ്ങളിൽ നടക്കുന്ന നൂതന പ്രവർത്തനങ്ങൾ കണ്ടെത്തി അത് മറ്റുള്ളവർക്കു കൂടി പങ്കുവെക്കാൻ കഴിയും വിധം ആകർഷകമായി തയാറാക്കുന്നതാണ് സർഗാത്മക ഡോക്യുമെന്റേഷൻ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. വീഡിയോ; ppt രൂപങ്ങളിൽ 5-10 മിനുട്ട് സമയ ദൈർഘ്യമുള്ള ദൃശ്യ - ശ്രാവ്യ ഉല്പന്നമായിരിക്കം ഇത്. മറ്റുള്ളവരിൽ ആഴത്തിൽ പതിയും വിധം തയാറാക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. തുടർ പരിശീലനവേളകളിൽ ഇവ സാമഗ്രികളായി പ്രയോജനപ്പെടുത്താനും കഴിയും.

**d. കേസ് സ്റ്റഡി (Case study)**

സവിശേഷതയുള്ള കുട്ടി/വിദ്യാലയം/പരിപാടികളുടെ പ്രത്യേക പഠനം നടത്തി തയാറാക്കുന്ന റിപ്പോർട്ട് എന്ന നിലക്ക് case study കൾക്ക് പരിശീലനങ്ങളിൽ പ്രാധാന്യമുണ്ട്. ഇത് case study രൂപത്തിൽ തന്നെ online - ൽ upload ചെയ്യേണ്ടതാണ്.

**e. പ്രമാണങ്ങളുടെ വിശകലനം (Document Analysis)**

വിദ്യാലയവും വിദ്യാഭ്യാസ പ്രവർത്തനവുമായി ബന്ധപ്പെട്ട പ്രമാണങ്ങൾ, രേഖകൾ (school master plan and action plan, LSGB കളുടെ വിദ്യാഭ്യാസ പദ്ധതികൾ) എന്നിവ വിശകലനം ചെയ്ത് അത് വിദ്യാലയ സമഗ്രവികസനത്തിന് എത്രമാത്രം അനുയോജ്യമാണ് എന്നു കണ്ടെത്താവുന്നതാണ്. ഇതിലൂടെ മെച്ചപ്പെടുത്താനാവശ്യമായ നിർദേശങ്ങളും പഠിതാവിന് മുന്നോട്ടുവെക്കാം.

**f. സ്ലൈഡ് പ്രസന്റേഷൻ – നൂതന പ്രവണതകൾ:**

ആശയങ്ങളെ സംക്ഷിപ്തമാക്കി അവതരിപ്പിക്കാനും അവതരണത്തിന്റെ വൈവിധ്യം പ്രയോജനപ്പെടുത്താനും ധാരണകൾ, ശേഷികൾ എന്നിവ വളർത്താനും ലക്ഷ്യമിട്ട് ചെയ്യാവുന്ന പ്രവർത്തനമാണ് പ്രസന്റേഷനുകൾ.

**g. ചർച്ചാവേദി (Discussion Forum):**

കരിക്കുലം, പഠനസാമഗ്രി, പഠനതന്ത്രങ്ങൾ, സമീപനങ്ങൾ എന്നിങ്ങനെയുള്ള വിവിധ മേഖലകളുമായി ബന്ധപ്പെട്ട സംശയങ്ങളും, ചോദ്യങ്ങളും ഉന്നയിക്കാൻ online - ചർച്ചാവേദി രൂപപ്പെടുത്തും. സംസ്ഥാന തലത്തിലുള്ള ഉന്നത സമിതി ലഭ്യമായ അറിവുകളുടെ അടിസ്ഥാനത്തിൽ online ആയിത്തന്നെ വിശദീകരണം നൽകും. അക്കാദമിക ചർച്ചയുടെ ഒരു സജീവ വേദിയായിരിക്കും ഇത്.

**h. ഓൺലൈൻ വിലയിരുത്തൽ (Online Evaluation)**

പങ്കാളികൾക്ക് ചില അസൈൻമെന്റുകൾ ഓൺ ലൈൻ ആയി നൽകും. പ്രതികരണങ്ങൾ online ആയി നൽകാം. ചിലത് നേരിട്ട് പൂരിപ്പിക്കുന്ന ഫോമുകളോ, മറ്റു ചിലത് അപ്‌ലോഡ് ചെയ്യേണ്ട ഫയലുകളോ ആയിരിക്കും. ഇത് ജില്ലാതലത്തിൽ വിദഗ്ദ സംഘം വിലയിരുത്തി പ്രതികരണങ്ങളും വിശദീകരണങ്ങളും നൽകും.

**i. വിദഗ്ദരുടെ വെർച്ചൽ ക്ലാസുകൾ (Expert Vertual Classes)**

ചില പ്രത്യേക വിഷയങ്ങൾ/മേഖലകൾ അടിസ്ഥാനമാക്കി വിദഗ്ദരുടെ ക്ലാസുകൾ online രൂപത്തിലോ, മുഖാമുഖ പരിപാടിയിലോ നൽകുന്നതാണ്. ഇത് കണ്ട് സ്വന്തം പ്രതികരണങ്ങൾ കുറിപ്പായി രേഖപ്പെടുത്തണം.

**j. വിഭവങ്ങൾ പങ്കുവെക്കൽ (Resource Sharing)**

താൻ വായിച്ചെടുത്ത സമീപനങ്ങൾ, ട്രൈഔട്ട് ചെയ്ത് വിജയിച്ച പ്രവർത്തനങ്ങൾ, തന്റെ ഇലക്ടീവ് വിഷയത്തിൽ തനിക്കുള്ള വൈദഗ്ദ്യം എന്നിവ PEC, SRG, PTA യോഗങ്ങളിൽ നേരിട്ട് അവതരിപ്പിക്കാം. അവരുടെ ഫീഡ്ബാക്ക് ശേഖരിക്കുകയും വേണം. ഈ പ്രവർത്തനങ്ങളും പ്രതികരണങ്ങളും ജീല്ലാതല വിലയിരുത്തലിന് വിധേയമാക്കണം.

**k. മുഖാമുഖ പരിശീലനം (Face to Face Training)**

വിവിധ ഘട്ടങ്ങളിലായി മൊത്തം 15 ദിവസം നീണ്ടുനിൽക്കുന്ന പരിശീലനമാണിത്. ഓരോഘട്ടത്തിനും മുമ്പും പിമ്പും ആവശ്യമായ പ്രവർത്തനങ്ങൾ കൂടിപങ്കാളികൾക്ക് നൽകും. വിദഗ്ദരുടെ അവതരണങ്ങൾ, സംവാദങ്ങൾ, സെമിനാറുകൾ, പാനൽ ചർച്ചകൾ, ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ, പരസ്പര വിലയിരുത്തൽ തുടങ്ങിയവ ഇതിന്റെ ഭാഗമായി ഉണ്ടാവും.

VI. പാഠ്യപദ്ധതി മേഖലകളെക്കുറിച്ച്:

1. കേരള വിദ്യാഭ്യാസ ചരിത്രം

2. വിദ്യാഭ്യാസഘടന

3. വിദ്യാഭ്യാസ ദർശനങ്ങൾ

4. വിദ്യാഭ്യാസ മനശ്ശാസ്ത്രവും പഠനവും

5. പഠന തന്ത്രങ്ങൾ ഉപാധികൾ

6. ഗവേഷണ രീതിശാസ്ത്രം

7. ക്ലാസ്റൂം ആസുത്രണവും നിർവഹണവും

8. പഠനാന്തരീക്ഷം

9. ഉൾച്ചേർന്ന വിദ്യാഭ്യാസം

10. വിലയിരുത്തൽ
11. വിദ്യാലയ പിൻതുണാ സംവിധാനങ്ങൾ
12. സ്ത്രീകളും സമൂഹവും
13. അവകാശങ്ങൾ നിയമങ്ങൾ
14. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം
15. അന്താരാഷ്ട്ര മാതൃകകൾ – ഫിൻലാന്റ്

# സമയക്രമീകരണം

മാസം

| Sl.No | യൂണിറ്റ് | Dec. 2019 | Jan'20 | Feb'20 | March'20 | April'20 | May'20 |
|---|---|---|---|---|---|---|---|
| 1. | ഭാഷ | ✓ | ✓ | ✓ | ✓ | ✓ | ✓ |
| 2. | ഗണിതം | ✓ | ✓ | ✓ | ✓ | ✓ | ✓ |
| 3. | പരിസരപഠനം | ✓ | ✓ | ✓ | ✓ | ✓ | ✓ |
| 4. | ഇംഗ്ലീഷ് | ✓ | ✓ | ✓ | ✓ | ✓ | ✓ |
| 5. | പഠനതന്ത്രം | ✓ | ✓ | ✓ | ✓ | ✓ | ✓ |
| 6. | ഗവേഷണം | ✓ | ✓ | ✓ | ✓ | ✓ | ✓ |
| 7. | വിലയിരുത്തൽ | ✓ | ✓ | ✓ | ✓ | ✓ | ✓ |
| 8. | വിദ്യാഭ്യാസ ചരിത്രം | | ✓ | | | | |
| 9. | വിദ്യാഭ്യാസ ഘടന | | | ✓ | | | |
| 10. | ക്ലാസ്റൂം ആസുത്രണം | ✓ | | | | | |
| 11. | പിന്തുണാ സംവിധാനങ്ങൾ | | | | ✓ | | |
| 12. | പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം | | | | | ✓ | |
| 13. | അന്താരാഷ്ട്ര വിദ്യാഭ്യാസം | | | | | | ✓ |
| 14. | ദർശനം | | ✓ | ✓ | | | |
| 15. | വിദ്യാഭ്യാസ മനഃശ്ശാസ്ത്രം | | ✓ | | ✓ | | |
| 16. | വിദ്യാലയവും സമൂഹവും | | | | | ✓ | ✓ |
| 17. | അവകാശങ്ങൾ നിയമങ്ങൾ | | | | ✓ | ✓ | |
| 18. | ഉൾച്ചേർന്ന വിദ്യാഭ്യാസം | ✓ | | ✓ | | | |
| 19. | പഠനാന്തരീക്ഷം | ✓ | ✓ | ✓ | | | |
| | | | | | | | |

## സവിശേഷ വിഷയ മേഖലകൾ (Elective subjects)

| Sl.No | യൂണിറ്റ് | മാസം<br>Dec. 2019 | Jan'20 | Feb'20 | March'20 | April'20 | May'20 |
|---|---|---|---|---|---|---|---|
| 1. | ഉൾച്ചേർന്ന വിദ്യാഭ്യാസം | ✓ | ✓ | ✓ | ✓ | ✓ | ✓ |
| 2. | രക്ഷാകർതൃ വിദ്യാഭ്യാസം | ✓ | ✓ | ✓ | ✓ | ✓ | ✓ |
| 3. | പാരിസ്ഥിതിക വിദ്യാഭ്യാസം | ✓ | ✓ | ✓ | ✓ | ✓ | ✓ |
| 4. | ലിംഗനീതി വിദ്യാഭ്യാസം | ✓ | ✓ | ✓ | ✓ | ✓ | ✓ |
| 5. | ആദിവാസി വിദ്യാഭ്യാസം | ✓ | ✓ | ✓ | ✓ | ✓ | ✓ |
| 6. | കലോദ്ഗ്രഥിത വിദ്യാഭ്യാസം | ✓ | ✓ | ✓ | ✓ | ✓ | ✓ |
| 7. | സ്കൂൾ മാനേജ്മെന്റ് | ✓ | ✓ | ✓ | ✓ | ✓ | ✓ |

Note: ഇഷ്ടമുള്ള ഒരു മേഖല തെരഞ്ഞെടുക്കാം

| യൂണിറ്റ് | ലഭിച്ച പഠനച്ചുമതല (തീയതി സഹിതം) | ചെയ്തപ്രവർത്തനങ്ങളുടെ ചുരുക്കം (തീയതി സഹിതം) | എത്തിച്ചേർന്ന ധാരണകൾ/ നിഗമനങ്ങൾ | മെന്ററുടെ വിലയിരുത്തൽ (ഫീഡ്ബാക്ക് കുറിപ്പ്/ഗ്രേഡ് (തീയതി സഹിതം) |
|---|---|---|---|---|
| | | | | |

**പഠിതാവിന്റെ റിഫ്ളക്ഷൻ കുറിപ്പ് : – (ഓരോ യൂണിറ്റിന്റെയും അവസാനം)**